47 (335) വനം കയ്യേറ്റം, വനം കൊള്ള എന്നീ ഇനങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗാതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം കയ്യേറ്റം, വനം കൊള്ള എന്നീ ഇനങ്ങളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള വനംകൊള്ള കേസ്സുകളിലായി എത്ര രൂപയുടെ വനവിഭവങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കഞ്ചാവ് കൃഷി ചെയ്യുന്നത് കണ്ടെത്തി നശിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; ഏകദേശം എന്തു തുക വരുന്ന കഞ്ചാവ് ചെടികൾ നശിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8800 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വനംകൊള്ള കേസ്സുകളിൽപ്പെട്ട 7,82,44,998 രൂപ വിലവരുന്ന വനവിഭവങ്ങളും മറ്റു വസ്തുക്കളും പിടിച്ചെടുത്തിട്ടുണ്ട്.

(സി) കഞ്ചാവ് കൃഷി ചെയ്യുന്നത് കണ്ടെത്തി നശിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 51 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഏകദേശം 35.75 കോടി വില മതിക്കുന്ന കഞ്ചാവ് ചെടികൾ നശിപ്പിച്ചിട്ടുണ്ട്.

48 (336) പറമ്പിക്കുളം ജലസംഭരണി പ്രദേശത്തെ വനഭൂമിയുടെ വാർഷിക പാട്ടം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ജലസംഭരണിക്കുവേണ്ടി ഉപയോഗിക്കുന്ന വനഭൂമിക്ക്, തമിഴ്നാട് കേരളത്തിന് വാർഷിക പാട്ടം നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്രവർഷത്തെ പാട്ടകുടിശ്ശികയാണ് ലഭിക്കാനുള്ളത്; എന്തു നിരക്കിൽ എത്ര രൂപവീതമാണ് ലഭിക്കാനുള്ളത്;

(സി) വനഭൂമിയുടെ പാട്ടം പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. 1.1.59 മുതൽ 31.3.92 വരെ ഹെക്ടറിന് 24 രൂപ 70 പൈസ വച്ച് 2457.3446 ഹെക്ടറിന് പാട്ടത്തുകയായ 5,98,612 രൂപ തമിഴ്നാട് ഗവൺമെന്റ് തന്നിട്ടുണ്ട്. 1.4.92 മുതലുള്ള പാട്ടത്തുകയുടെ തോത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടില്ല. എങ്കിലും 1.4.92 മുതൽ 31.3.99 വരെ പഴയ നിരക്കായ ഹെക്ടറിന് 24 രൂപ 70 പൈസവച്ച് 4,24,875 രൂപയ്ക്കുള്ള ചെല്ലാൻ

LIBRARY ARCHIVES Kerala Legislative Assembly